നം.ജി.1/1961/2024/ജി.മാ.ആ.പേ

ജില്ലാമാതൃകാആശുപത്രി പേരൂർക്കട,
തീയതി. 04/04/2024

# ദർഘാസ് പരസ്യം

തിരുവനന്തപുരം പേരൂർക്കട ജില്ല മാതൃകാ ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് വേണ്ടി JSSK, KASP, AK, RBSK, MEDISEP എന്നീ പദ്ധതികൾ പ്രകാരം ആനുകൂല്യങ്ങൾ ഉള്ളവർക്ക് ഈ ആശുപത്രിയിൽ ലഭ്യമല്ലാത്ത സ്കാനിംഗ്/ലാബ് ടെസ്റ്റ് ചെയ്തു നൽകുന്നതിന് അടുത്ത ഒരു വർഷത്തേയ്ക്ക് താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി, താല്പര്യമുള്ള വ്യക്തികൾ /സ്ഥാപനങ്ങൾ/ ഏജൻസികളിൽ നിന്നും ദർഘാസ് ക്ഷണിച്ചു കൊള്ളുന്നു.

അവസാന തീയതി.29/04/2024 വൈകുന്നേരം 3 മണി.

ദർഘാസുകൾ തുറക്കുന്ന തീയതി 30/04/2024 11.30AM കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ആഫീസുമായി ബന്ധപ്പെടേണ്ടതാണ്.

<u>വ്യവസ്ഥകൾ</u>

1) ദർഘാസ് ഫാറത്തിന്റെ വിലയായ 1000/- രൂപ +ജിഎസ്ടി 18% (സ്കാനിംഗ്), 800/- രൂപ +ജിഎസ്ടി 18% (ലാബ് ടെസ്റ്റ്) ആഫീസിൽ അടച്ച് അവ വാങ്ങാവുന്നതാണ്.
2) നിരതദ്രവ്യമായി തുക 5000/- (അയ്യായിരം രൂപ മാത്രം) രൂപ ആശുപത്രി സൂപ്രണ്ടിന്റെ പേരിൽ മാറാവുന്ന ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നുള്ള ഡി.ഡി ഉള്ളടക്കം ചെയ്യേണ്ടതുമാണ്. ഇല്ലാത്തവ നിരസിക്കുന്നതായിരിക്കും.
3) ആശുപത്രി അധികാരികൾ നൽകുന്ന നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ചാൽ യാതൊരു വിധ മുന്നറിയിപ്പുമില്ലാതെ കരാർ റദ്ദ് ചെയ്യുന്നതിന് സൂപ്രണ്ടിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.
4) ദർഘാസ് സ്ഥിരപ്പെടുത്തിക്കിട്ടുന്ന കരാറുകാരൻ ആശുപത്രി സൂപ്രണ്ടിന്റെയും മാനേജ്മെന്റ് കമ്മിറ്റിയുടെയും നിയമങ്ങളും നിബന്ധനകളും പാലിച്ചു കൊള്ളാമെന്നും കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുകയില്ലായെന്നും കാലാവധി കഴിയുമ്പോൾ യാതൊരു വിധ തർക്കങ്ങളോ തടസ്സങ്ങളോ ഉന്നയിക്കാതെ ഒഴിഞ്ഞു പോകാമെന്നുള്ള വിവരം 200 രൂപ മുദ്രപത്രത്തിൽ രണ്ട് സാക്ഷികളുടെ ഒപ്പും വിലാസവും തിരിച്ചറിയൽ കാർഡിന്റെ/ആധാർ കാർഡിന്റെ പകർപ്പും സഹിതം സൂപ്രണ്ടിന് നൽകേണ്ടതാണ്.
6) പൂർണ്ണ വിവരങ്ങൾ ഇല്ലാത്തതും വ്യവസ്ഥകൾ പാലിക്കാത്തതുമായ ദർഘാസുകൾ നിരസിക്കുന്നതാണ്.
7) ദർഘാസുകൾ നിരസിക്കുന്നതിനും മാറ്റിവയ്ക്കുന്നതിനും ഉള്ള അധികാരം ആശുപത്രി സൂപ്രണ്ടിനുണ്ടായിരിക്കുന്നതാണ്.

മുകളിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകളിൽ സൂപ്രണ്ടിന്റെ തീരുമാനം അന്തിമമായിരിക്കും.

DISTRICT MODEL HOSPITAL PEROORKADA, THIRUVANANTHAPURAM PIN-695 005.

09/04/24

ഡോ.ഉണ്ണികൃഷ്ണൻ.ബി
സൂപ്രണ്ട് ഇൻ-ചാർജ്ജ്